# Kids corner



## സർദാർജ്ജിയുടെ ബുദ്ധി

'സർദാർജ്ജിമാർ മണ്ടൻമാരെന്നാണ്' പൊതുവെ ജനം പറയുന്നത്. എന്നാൽ അത്യാവശ്യ സമയത്ത് ബുദ്ധിപൂർവ്വം ചിന്തിച്ച് പ്രവർത്തിക്കുവാൻ ഇവരിൽ പലർക്കും കഴിവുണ്ട്.

പണ്ടൊരിക്കൽ വടക്കേ ഇന്ത്യക്കാരായ രണ്ട് സർദാർജ്ജിമാർ കേരള സന്ദർശനത്തിനെത്തി. ഇവരിൽ ഒരാൾ ധനികനായ ഒരു വ്യവസായി ആയിരുന്നു അവരുടെ സന്ദർശനം കേരളത്തിലെ ഉത്സവങ്ങളുടെ സമയമായതിനാൽ നെറ്റിപ്പട്ടം കെട്ടി അണിഞ്ഞൊരുങ്ങി നില്ക്കുന്ന ഗജവീരൻമാരെ അവർ പലയിടത്തും കണ്ടു. അതിഥികളെ മാലയിട്ടു സ്വീകരിക്കുന്ന മിടുക്കൻമാരായ ആനകളെ കണ്ടപ്പോൾ ഇവയെ നാട്ടിൽകൊണ്ടുപോകുവാൻ സർദാർജ്ജിക്ക് മോഹമായി. വൻതുക കൊടുത്ത് പതിനേഴെണ്ണത്തെ പാപ്പാന്മാർ സഹിതം ഈ ധനികൻ തന്റെ നാട്ടിലെത്തിച്ചു.

ഒരു വർഷം അദ്ദേഹം ഇവകളെ സംരക്ഷിച്ചു. ഇതുവരെയും ആനകളെ ശ്രദ്ധിക്കാത്ത മക്കൾക്ക് ഇവയെ ഭാഗിച്ചു നൽകാം എന്ന ആശയം തന്റെ സുഹൃത്തിനോട് പങ്കു വച്ചു. അപ്പോഴാണ് പ്രശ്നം മനസ്സിലായത്,പതിനേഴ് എണ്ണത്തെ എങ്ങനെ വീതിക്കും. അവർ തങ്ങളുടെ ഗുരുവിനെ സമീപിച്ചു. ആനകളെ ഒന്നിച്ച് നിർത്തുവാൻ അവരോട് പറഞ്ഞയച്ചു.

അതിരാവിലെ ആനപ്പുറത്തെത്തിയ ഗുരു, തന്റെ ഉപയോഗത്തിനായി കൊണ്ടുവന്ന ആനയെ ഏറ്റവും പുറകിൽ നിർത്തിയി

രുന്നു.മൂത്തമകനോട് ഈ മുറ്റത്ത് നില്ക്കുന്ന ആനകളുടെ എണ്ണത്തിന്റെ '1/2' നിനക്കാണെന്ന് പറഞ്ഞു. തുടർന്ന് മുറ്റത്തുനിൽക്കുന്ന ആനകളുടെ എണ്ണത്തിന്റെ '1/3' ഉം '1/9' ഉം മറ്റ് രണ്ട് ആൺമക്കൾക്കാണെന്നും ഗുരു അവരെ ധരിപ്പിച്ചു. ഈ അനുപാതം അവർ സമ്മതിച്ചു.അപ്രകാരം 9 ആനയെ മൂത്തമകനും ആറെണ്ണത്തെ രണ്ടാമത്തെ മകനും, രണ്ടെണ്ണത്തെ മൂന്നാമത്തെ മകനും ആനകളുടെ പാപ്പാൻമാരോടൊപ്പം സ്വീകരിച്ചു. നേരത്തെ തന്നെ ഈ അനുപാതം സമ്മതിച്ചതിനാൽ അവർ സന്തോഷത്തോടെ പോയി . ധനികനായ സർദാർജി ബുദ്ധിമാനായ ഗുരുവിന് സമ്മാനങ്ങൾ നൽകി അയച്ചു. സാഹചര്യത്തിന് അനുസരിച്ച് പ്രവർത്തിപ്പാൻ ബുദ്ധി തന്ന ദൈവത്തെ, നന്ദിയോടെ ഓർത്ത ഗുരു ശേഷിച്ച ആനയുടെ പുറത്ത് കയറി തന്റെ വീട്ടിലേക്ക് പോയി. തന്റെ ആനയെ തന്നെ തനിക്കു ലഭിച്ചതിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു.

**മനഃപാഠം**

1. സൽബുദ്ധിയാൽ രഞ്ജനയുണ്ടാകുന്നു.(സദൃ:13:15)
2. ജ്ഞാനിയുടെ ഉപദേശം ജീവന്റെ ഉറവാകുന്നു.(സദൃ:13:14)
3. സൂക്ഷ്മ ബുദ്ധിയുള്ള ഏവനും പരിജ്ഞാനത്തോടെ പ്രവർത്തിക്കുന്നു. (സദൃ:13:16)
4. ജ്ഞാനികളോട് കൂടെ നടക്ക,നീയും ജ്ഞാനിയാകും.(സദൃ:13:20)
5. ഇച്ഛാനിവൃത്തി മനസ്സിന് മധുരമാകുന്നു. (സദൃ:13:19)

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind